# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4417 — 25.10.2016 - ൽ മറുപടിയ്ക്ക്

### ഫോംമാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനമായ ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) പൊതുമേഖലാ സ്ഥാപനമായ ഫോംമാറ്റിംഗ് (ഇന്ത്യ) ലിമിറ്റഡിന്റെ 2009-2010 വർഷം മുതൽ 2015 -2016 വരെയുള്ള സാമ്പത്തിക സ്ഥിതി താഴെ ചേർക്കുന്നു. |

| വർഷം | വിറ്റുവരവ് രൂപ (ലക്ഷത്തിൽ) | ലാഭം രൂപ (ലക്ഷത്തിൽ) | നഷ്ടം രൂപ (ലക്ഷത്തിൽ) |
|---|---|---|---|
| 2009-2010 | 652.52 | ...... | 25.70 |
| 2010-2011 | 776.41 | ...... | 128.23 |
| 2011-2012 | 601.53 | ..... | 412.10 |
| 2012-2013 | 705.85 | ...... | 63.47 |
| 2013-2014 | 764.36 | .... | 57.62 |
| 2014-2015 | 916.83 | ..... | 77.81 |
| 2015-2016 | 1038.16 | 2.63 | |

| ചോദ്യം | ഉത്തരം |
|---|---|
| ബി) മുൻകാലങ്ങളിലെ സ്ഥാപനമേധാവികളുടെ വിദേശ യാത്രയും ധൂർത്തും സാമ്പത്തിക ബാധ്യത വരുത്തിവച്ചെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; | ബി) പരിശോധിക്കുന്നതാണ് |
| സി) കയർ, നാരുകൾ, ചണം, ലാറ്റക്സ് എന്നിവ കൊണ്ടുള്ള ഉത്പന്നങ്ങൾക്ക് ലോക കമ്പോളത്തിൽ വിപണി കണ്ടെത്തുന്നതിന് പ്രസ്തുത സ്ഥാപനം എത്രമാത്രം വിജയിച്ചിട്ടുണ്ട്; | സി) കയറ്റുമതിയിൽ വർദ്ധനവ് രേഖപ്പെടുത്തുന്നില്ല. ഫോമിലിന്റെ കയറ്റുമതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | കയറ്റുമതി തുക (ലക്ഷത്തിൽ) |
|---|---|
| 2009-2010 | 9.63 |
| 2010-2011 | 33.60 |
| 2011-2012 | 25.99 |
| 2012-2013 | 43.79 |
| 2013-2014 | 72.24 |

| | |
|---|---|
| | 2014-2015 — 49.99<br>2015-2016 — 13.05 |
| ഡി)ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | ഡി) ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനായി ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് മുഴുവൻ തൊഴിലാളികൾക്കും പണികൊടുക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. അതിനുവേണ്ടി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നു. ആലപ്പുഴ ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് കയറുൽപ്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനായി ചകിരി അടിസ്ഥാന വസതുവായുള്ള കോമ്പോസിറ്റ് ബോർഡ്, ചകിരിച്ചോർ അടിസ്ഥാന വസ്തുവായുള്ള ജൈവവളം, ചെരിപ്പ്, കയർ മാട്രസ്സുകൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തകർച്ചയുടെ വക്കിൽ നിൽക്കുന്ന കയർ മേഖലയ്ക്ക് ഒരു കൈത്താങ്ങ് നൽകുകയും പരിസ്ഥിതിക്ക് അനുയോജ്യമായ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുക എന്നുള്ളതുമാണ് ഇതിന്റെ ലക്ഷ്യം. |
| ഇ) പ്രസ്തുത സ്ഥാപനത്തെ കാലോചിതമായി നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ആവശ്യമായ നടപടിയുണ്ടാകുമോ ? | ഇ) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ